(എഫ്) ഓഹരി മൂലധനമായി 76.45 കോടി രൂപയും വായ്പയായി 185.69 കോടി രൂപയും മറ്റിനങ്ങളിലായി 28.50 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്.

(ജി) 185.69 കോടി രൂപ.

(എച്ച്) ആകെ 68.64 കോടി രൂപ. ഇതിൽ കൊടുത്തുതീർത്തത് 49കോടി രൂപ. ബാക്കി കൊടുക്കുവാനുള്ളത് 19.64 കോടി രൂപ.

(ഐ) തുക ലക്ഷത്തിൽ

| | | |
|---|---|---|
| ജൂൺ 1999 | - | 27 |
| ജൂലൈ " | - | 136 |
| ആഗസ്റ്റ് " | - | 144 |
| സെപ്റ്റംബർ " | - | 132 |
| ഒക്ടോബർ " | - | 131 |
| നവംബർ " | - | 151 |
| ഡിസംബർ " | - | 149 |
| ജനുവരി 2000 | - | 146 |

(ജെ) ഇപ്പോൾ ലാഭം ഇല്ല

(കെ) പ്രതിമാസം 184 ലക്ഷം രൂപ ലാഭം കിട്ടുമെന്നാണ് പ്രതീക്ഷ.

(എൽ) സ്വീകരിച്ചു വരുന്നു.

## സബ്സിഡി നൽകി നിലവിലുള്ള വിലയ്ക്ക് റേഷൻ സാധനങ്ങൾ നൽകാൻ നടപടി

5 (*155)ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വില കേന്ദ്രം വർദ്ധിപ്പിക്കുന്നെങ്കിൽ അതുമൂലം ഉണ്ടാകുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) റേഷൻ വിതരണത്തിൽ പുതുതായി എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ;

(സി) കേന്ദ്ര വില വർദ്ധിപ്പിച്ചാലും സംസ്ഥാനത്തെ സാധാരണക്കാർക്ക് സബ്സിഡി നൽകി നിലവിലുള്ള വിലയ്ക്കുതന്നെ റേഷൻ സാധനങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി)&(സി) കേന്ദ്ര തീരുമാനം വ്യക്തമായും അറിവായിട്ടില്ല. അതിന് അനുസൃതമായി മാത്രമേ സംസ്ഥാനത്തിന് എന്തെങ്കിലും തീരുമാനം കൈക്കൊള്ളാൻ കഴിയും. കേന്ദ്രതീരുമാനം ഏതു തരത്തിലായാലും സംസ്ഥാനത്തെ സാധാരണക്കാർക്ക് ന്യായമായ വിലയ്ക്ക് അവശ്യം വേണ്ടുന്ന ഭക്ഷ്യധാന്യം ലഭ്യമാക്കുവാൻ പരമാവധി ഫലപ്രദമായ എല്ലാ നടപടികളും കൈക്കൊള്ളുന്നതാണ്.

## ടൂറിസം പ്രചാരണ പരിപാടികളിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായം

6 (*156)ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ്ജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ ടൂറിസം പ്രചാരണ പരിപാടികളിൽ കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) 'മൺസൂണും ആയുർവേദവും' എന്ന പ്രമേയം അടിസ്ഥാനമാക്കിയുള്ള ടൂറിസം പദ്ധതികൾ എന്തൊക്കെയാണ്;

(സി) ഇക്കോ ടൂറിസം പദ്ധതികൾ വ്യാപിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) വിവരസാങ്കേതിക രംഗത്തെ സാധ്യതകൾ ടൂറിസം വികസനത്തിനായി എങ്ങനെ ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) പ്രചാരണ പരിപാടികൾക്കു മാത്രമായി പ്രത്യേക സഹായ വാഗ്ദാനങ്ങളൊന്നുംതന്നെ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കാറില്ല. എന്നാൽ വരുന്ന ഏപ്രിൽ മാസത്തിൽ ദുബായിലും സിംഗപൂരിലും കേരളത്തിലെ ആയുർവേദ ചികിത്സ, കായലോര വിനോദസൗകര്യങ്ങൾ എന്നിവയെക്കുറിച്ച് നടത്താൻ ഉദ്ദേശിക്കുന്ന പ്രത്യേക ക്യാമ്പെയിനിന്റെ ചെലവ് കേന്ദ്ര ടൂറിസം ഓഫീസ് നിർവ്വഹിക്കുന്നതാണെന്ന് കേന്ദ്ര ടൂറിസം മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

(ബി) ആയുർവേദം പ്രോത്സാഹിപ്പിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ സംസ്ഥാന വിനോദസഞ്ചാര വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. കഴിഞ്ഞ വർഷം മുംബൈയിൽ നടത്തിയ ആയുർവേദ ബാക്ക് വാട്ടർ റോഡ്ഷോ വൻ വിജയമായിരുന്നു. ആയുർവേദ-മൺസൂൺ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ഗൾഫ് കേന്ദ്രമാക്കി വിവിധ പരിപാടികൾ ആവിഷ്ക്കരിച്ചുവരുന്നു. പ്രമുഖ ഗൾഫ് മാഗസിനുക

LIBRARY ARCHIVES Kerala Legislative Assembly